# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ.വി.എൻ.ജിതേന്ദ്രൻ)

ഉത്തരവ് നം. **ഇ10- 5299/14**

തിരുവനന്തപുരം,
തീയതി: 16.12.2015

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - മേട്രൺ ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 10.08.2010 ലെ സർക്കാർ ഉത്തരവ് (P)നം.54/2010/SWD
2. സീനിയോറിറ്റി ലിസ്റ്റ് നം.E9-39729/11/DSJ തീയതി. 23.11.2012
3. സാമൂഹ്യനീതി ഡയറക്ടറുടെ 26.11.2015 ലെ E8-39355/15 നം. നടപടി ക്രമങ്ങൾ

സാമൂഹ്യ നീതി വകുപ്പിൽ പരാമർശം 1 പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ മേട്രൺ ഗ്രേഡ് -II തസ്തികയിൽ ഫീഡർ കാറ്റഗറിയായി ആയ, വാച്ച് വുമൺ എന്നി തസ്തികകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തവനൂർ റസ്ക്യൂ ഹോമിൽ മേട്രൺ ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവുണ്ട്. പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം.1 ശ്രീമതി.ജ്യോത്സ്ന.വി, 'ആയ', ബാല വികലാംഗ സദനം, തലശ്ശേരി എന്ന ജീവനക്കാരിയ്ക്ക് മേട്രൺ ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ തലശ്ശേരി ബാല വികലാംഗ സദനത്തിൽ 'ആയ' തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ജ്യോത്സ്ന.വി - യെ Rs.8730 - 13540 രൂപ ശമ്പള സ്കെയിലിൽ മേട്രൺ ഗ്രേഡ് II തസ്തികയിലേയ്ക്ക് KS & SSR ചട്ടം 28 (A) (i) പ്രകാരം സ്ഥാനക്കയറ്റം നൽകി തവനൂർ റസ്ക്യൂ ഹോമിൽ നിയമിച്ച് ഉത്തരവാകുന്നു.

ടിയാളുടെ മേട്രൺ ഗ്രേഡ് II തസ്തികയിലെ ശമ്പളം KSR Rule 28 (A) (i) പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരി മേട്രൺ ഗ്രേഡ് II തസ്തികയിൽ 2 വർഷത്തെ തുടർച്ചയായ സർവ്വീസിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും. ജീവനക്കാരിയുടെ വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി.ജ്യോത്സ്ന.വി
'ആയ',
ബാല വികലാംഗ സദനം, തലശ്ശേരി

പകർപ്പ്.

1. സൂപ്രണ്ട്, റസ്ക്യൂ ഹോം, തവനൂർ, ബാല വികലാംഗ സദനം, തലശ്ശേരി
2. ജില്ലാ സാമൂഹ്യനീതി ആഫീസർ കണ്ണൂർ, മലപ്പുറം
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

SL/15